കേരള വാട്ടർ അതോറിറ്റിയിൽ വാച്ചർ, ഹെൽപ്പർ തുടങ്ങിയവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

70 (4678) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ഡബ്ല്യൂ. ആന്റ് ഡബ്ല്യൂ. ഡബ്ല്യുഎ ഇ1/7/84 തീയതി 3-7-1984 സർക്കുലർ പ്രകാരം നിയമനം ലഭിച്ച കേരള വാട്ടർ അതോറിറ്റി നാട്ടിക ഡിവിഷനിൽ 18 വർഷമായി മുടക്കമില്ലാതെ പണിയെടുക്കുന്ന വാച്ച്മാൻ/ഹെൽപ്പർ തുടങ്ങിയവരെ സ്ഥിരപ്പെടുത്തുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി (ഒ.പി.നം. 18628/02) സർക്കാർ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ;

(സി) 1985-നുശേഷം ഇപ്രകാരം വിവിധ തസ്തികകളിൽ കെ. ഡബ്ല്യൂ. എ. യിൽ നിയമിതരായവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(സി) എസ്റ്റാബ്ലിഷ്മെന്റ് ശമ്പള സ്കെയിലിൽ നിയമിതരായ ഇവരുടെ ആനുകൂല്യങ്ങൾ റദ്ദുചെയ്യുന്നതും തിരിച്ച് പിടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സർക്കാർ തേടിയിരിക്കുകയാണ്.

(ബി) ഒ. പി. നം. 18628/02-ൽ എതിർ സത്യവാങ്മൂലം സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇപ്രകാരമുള്ള നിയമനങ്ങൾ കേരള വാട്ടർ അതോറിറ്റി തുടർന്ന് നടത്തിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വികലാംഗനായ മുജീബിന് നിയമനം നൽകുന്നതിന് നടപടി

71 (4679) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരെ സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) തൃശ്ശൂർ ജില്ലയിലെ കേരളാ വാട്ടർ അതോറിറ്റിയിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമിക്കുന്നതിന് വികലാംഗരിൽ നിന്ന് ജില്ലാ കളക്ടർ 2003 മാർച്ച് 4-ന് ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്തിട്ടുള്ളവർക്ക് നിയമനം നൽകുന്നതിന് തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ കളക്ടർ തെരഞ്ഞെടുത്തിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെടുന്ന വികലാംഗരായ ഉദ്യോഗാർത്ഥികളുടെ പേരുകൾ വ്യക്തമാക്കാമോ ;

(ഡി) ടി.എം. മുജീബ്, തുടേരി ഹൗസ്, പി. ഒ. കുറുമ്പിലാവ്, തൃശ്ശൂർ - 680564 എന്ന വികലാംഗന് നിയമനം നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) ശ്രീ. മുജീബിനെ തെരഞ്ഞെടുത്തിട്ടുള്ള ലിസ്റ്റ് തൃശ്ശൂർ ജില്ലാ കളക്ടറിൽ നിന്ന് കേരളാ വാട്ടർ അതോറിറ്റിക്ക് എന്നാണ് ലഭിച്ചത് ;

(എഫ്) ജില്ലാ കളക്ടറിൽ നിന്നുള്ള ശുപാർശ കേരളാ വാട്ടർ അതോറിറ്റിക്ക് ലഭിച്ചതിനുശേഷം ഇതു സംബന്ധിച്ച് ഇന്നേവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ജി) തൃശ്ശൂർ സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നാണ് ചീഫ് എഞ്ചിനീയർക്കും സി.ഇ.ക്കും ഇതു സംബന്ധിച്ച് മാനേജിംഗ് ഡയറക്ടർക്കും ഇറിഗേഷൻ വകുപ്പു സെക്രട്ടറിക്കും ഏത് തീയതികളിലാണ് അവരുടെ ശുപാർശയും കത്തും നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എച്ച്) വികലാംഗനായ ശ്രീ. മുജീബിന് നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് കേരളാ വാട്ടർ അതോറിറ്റിക്കും ബാധകമാക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കാനായി ബന്ധപ്പെട്ട റൂളുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. അതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവൂ.

(സി) മേഴ്സി വി. റ്റി., ഐറിൻ പോൾ കെ., മുജീബ് ടി. എം., ബൈജു ഇ. ആർ. എന്നിവരാണ് ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ.

(ഡി) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് നിയമ ഭേദഗതി വരുത്തിയ ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവൂ.

(ഇ) 18-3-2003-ൽ

(എഫ്) ജില്ലാ കളക്ടറിൽ നിന്നുള്ള ശുപാർശ ലഭിച്ചശേഷം കേരളാ വാട്ടർ അതോറിറ്റി സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞു. ഇക്കാര്യത്തിൽ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന വിവരം സർക്കാർ കേരളാ വാട്ടർ അതോറിറ്റിയെ അറിയിച്ചു. ഈ വിവരം കേരളാ വാട്ടർ അതോറിറ്റി ജില്ലാ കളക്ടറേയും അറിയിച്ചിട്ടുണ്ട്.

(ജി) തൃശ്ശൂർ സൂപ്രണ്ടിംഗ് എഞ്ചിനീയർ 18-3-2003-ന് ജില്ലാ കളക്ടറുടെ ശുപാർശയെ സംബന്ധിച്ച വിവരം കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകുകയും മാനേജിംഗ് ഡയറക്ടർ ഇത് സംബന്ധിച്ചുള്ള സർക്കാരിന്റെ അഭിപ്രായം ആരായുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഉപചോദ്യം (എ) യുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള നിയമ ഭേദഗതി നടപടി നിർദ്ദേശങ്ങൾ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ശ്രീ. മുജീബിന്റെ നിയമനക്കാര്യത്തിലും അടിയന്തരമായി തീരുമാനമെടുക്കുന്നതാണ്.

മ്യൂസിയങ്ങളുടെ സമഗ്രവികസനം

72 (4680) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട മ്യൂസിയങ്ങളുടെ സമഗ്ര വികസനം സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മൃഗശാല വകുപ്പിന്റെ കീഴിലുള്ള നാപ്പിയർ മ്യൂസിയത്തിന്റെ സമഗ്രവികസനത്തിനായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അപ്രകാരം വികസനപദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഡോക്യുമെന്റേഷൻ ജോലികൾ പൂർത്തിയായി. പ്രദർശനവസ്തുക്കളുടെ കൺസർവേഷൻ പൂർത്തിയാകാറായി. കെട്ടിടത്തിന്റെ റിസ്റ്റോറേഷനും ലാന്റ് സ്കേപ്പിംഗും സൗന്ദര്യവൽക്കരണവും തുടങ്ങി കഴിഞ്ഞു. തിരുവനന്തപുരം ശ്രീ ചിത്രാആർട്ട് ഗ്യാലറിക്ക് ആധുനിക സങ്കല്പങ്ങൾക്കനുസൃതമായി ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 3 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ശ്രീചിത്രാ ആർട്ട് ഗ്യാലറിയിലെ രവിവർമ്മ ചിത്രങ്ങളുടെ കൺസർവേഷനും ആർട്ട് ഗ്യാലറി കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു.

പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള തക്കല പത്മനാഭപുരം കൊട്ടാരം, കായകുളം കൃഷ്ണപുരം കൊട്ടാരം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, തൃശ്ശൂർ പുരാവസ്തു മ്യൂസിയം, ശക്തൻ തമ്പുരാൻ മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം, കോയിക്കൽ കൊട്ടാരം, നെടുമങ്ങാട് എന്നിവയുടെ സമഗ്രമായ സംരക്ഷണ വികസനപണികൾ നടത്തി വരികയാണ്. മ്യൂസിയങ്ങൾ ശാസ്ത്രീയമായരീതിയിൽ സന്ദർശകരെ ആകർഷിക്കത്തക്കവിധം ലൈറ്റിംഗ് സംവിധാനം നൽകി സജ്ജീകരിക്കുക, കെട്ടിടങ്ങളുടെ സംരക്ഷണപണികൾ യഥാ സമയം ചെയ്തു തീർക്കുക. മ്യൂസിയം വളപ്പുകൾ ലാന്റ്സ്കേപ്പ് തയ്യാറാക്കി മനോഹരമാക്കുക, സന്ദർശകർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ പദ്ധതി വിഹിതം ഉപയോഗിച്ച് നടത്തി വരുന്നു. തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരവളപ്പിൽ ഒരു പുരാവസ്തു ഗാർഡൻ സജ്ജീകരിക്കുന്ന പണികൾ അവസാനഘട്ടത്തിലാണ്. വിവിധ മ്യൂസിയങ്ങളിൽ ഡോക്യുമെന്റേഷൻ പബ്ലിക്കേഷൻ, ലൈബ്രറി കൺസർവേഷൻ ലാബ് സജ്ജീകരിക്കൽ എന്നീ പണികൾ കേന്ദ്രസഹായത്തോടെ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly